| GRAMS: KERELECOM<br>E-mail: electionker@gmail.com<br>Website: www.sec.kerala.gov.in | പത്രക്കുറിപ്പ് | TELEPHONE: 0471-2338288,2321233<br>FAX: 0471-2338288<br>0471-2334130 |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 3rd October 2015 |

## തദ്ദേശഭരണ തിരഞ്ഞെടുപ്പ് നവംബർ രണ്ടിനും അഞ്ചിനും

തദ്ദേശഭരണ തിരഞ്ഞെടുപ്പ് നവംബർ രണ്ട്, അഞ്ച് തീയതികളിൽ നടക്കുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അറിയിച്ചു. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട തീയതികൾ പ്രഖ്യാപിക്കുന്നതിന് ഇന്ന് (ഒക്ടോബർ 3) വിളിച്ചുചേർത്ത വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

തിരുവനന്തപുരം, കൊല്ലം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നവംബർ രണ്ടിനും, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ നവംബർ അഞ്ചിനുമാണ് വോട്ടെടുപ്പ്. രാവിലെ 7 മുതൽ വൈകുന്നേരം 6 മണി വരെയാണ് പോളിംഗ്. വോട്ടെണ്ണലും ഫലപ്രഖ്യാപനവും നവംബർ 7 ന് നടക്കും. തദ്ദേശസ്ഥാപനങ്ങളിലെ 35,000-ത്തോളം പോളിംഗ് സ്റ്റേഷനുകളിൽ ഒരേസമയം വോട്ടിംഗിനുള്ള സുരക്ഷാക്രമീകരണങ്ങളൊരുക്കുന്നതിലെ പ്രായോഗിക വൈഷമ്യങ്ങൾ കണക്കിലെടുത്താണ് വോട്ടെടുപ്പ് രണ്ട് ദിവസമായി നടത്തുന്നത്.

തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുന്ന ഒക്ടോബർ 7 മുതൽ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം. ഒക്ടോബർ 14 വരെ പത്രിക സ്വീകരിക്കും. സൂക്ഷ്മ പരിശോധന ഒക്ടോബർ 15-ന്. പത്രിക പിൻവലിക്കാനുള്ള അവസാന ദിവസം ഒക്ടോബർ 17 ആണ്. തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനാൽ മാതൃകാ പെരുമാറ്റ ചട്ടം നിലവിൽ വന്നു.

സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലെ 15,962 ഉം, ആകെയുള്ള 152 ബ്ലോക്ക് പഞ്ചായത്തുകളിലെ 2,076 ഉം 14 ജില്ലാ പഞ്ചായത്തുകളിലെ 331 ഉം, ആകെയുള്ള 86 മുനിസിപ്പാലിറ്റികളിലെ 3,088 ഉം, 6 കോർപ്പറേഷനുകളിലെ 414 ഉം വാർഡുകളിലുമാണ് തിരഞ്ഞെടുപ്പ്. കണ്ണൂർ ജില്ലയിൽ മട്ടന്നൂർ നഗരസഭയിലെ തിരഞ്ഞെടുപ്പ് 2012-ൽ നടന്നതിനാൽ അവിടെ 2017-ലേ തിരഞ്ഞെടുപ്പ് നടക്കൂ.

ത്രിതല പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വോട്ടിംഗ് യന്ത്രമുപയോഗിച്ചാണ് വോട്ടെടുപ്പ്. ത്രിതല പഞ്ചായത്തുകളിലേയ്ക്ക് മൾട്ടിപോസ്റ്റ് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ ഉപയോഗിച്ചാണ് തിരഞ്ഞെടുപ്പ് നടത്തുന്നത്. ത്രിതല പഞ്ചായത്തുകളിലേയ്ക്ക് ആദ്യമായാണ് വോട്ടിംഗ് യന്ത്രം ഉപയോഗിക്കുന്നത്. ഇപ്രാവശ്യം ഫോട്ടോ പതിച്ച വോട്ടർപട്ടികയാണ് ഉപയോഗിക്കുന്നത്. വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനും ആക്ഷേപം സമർപ്പിക്കുന്നതിനും മറ്റുമുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സൗകര്യം എൻ.ഐ.സി.യുമായി ചേർന്ന് ഏർപ്പെടുത്തിയിരുന്നു. ഏകദേശം രണ്ടര കോടി വോട്ടർമാർ വോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രവാസികൾക്ക് വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിരുന്നു. അതിൻപ്രകാരം പ്രവാസികൾ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഭിന്നലിംഗത്തിൽപ്പെട്ട 82 പേരും പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

തിരഞ്ഞെടുപ്പ് സുഗമമായി നടത്താനുള്ള പ്രാരംഭപ്രവർത്തനങ്ങൾ പൂർത്തിയായി. എല്ലാ തദ്ദേശസ്ഥാപനങ്ങളിലും സംവരണ വാർഡുകൾ നറുക്കെടുപ്പിലൂടെ തീരുമാനിച്ചു. തിരഞ്ഞെടുപ്പിനുശേഷം നിലവിൽ വരുന്ന

ഭരണ സമിതിയിലെ അദ്ധ്യക്ഷസ്ഥാനത്തിന്റെ സംവരണം നിശ്ചയിച്ച് വിജ്ഞാപനം കമ്മീഷൻ പുറപ്പെടുവിച്ചു. നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സഹായത്തോടെ ഇ-ഡ്രോപ്പ് എന്ന സാങ്കേതികവിദ്യ ഉപയോഗിച്ചാണ് തിരഞ്ഞെടുപ്പ് ജോലിക്കായി രണ്ട് ലക്ഷത്തോളം ഉദ്യോഗസ്ഥരെ നിയോഗിക്കുക.

ഗ്രാമപഞ്ചായത്തിൽ 1,000/- ഉം, ബ്ലോക്ക് പഞ്ചായത്തിൽ 2,000/-ഉം, ജില്ലാ പഞ്ചായത്തിൽ 3,000/-ഉം, മുനിസിപ്പാലിറ്റിയിൽ 2,000/- ഉം, മുനിസിപ്പൽ കോർപ്പറേഷനിൽ 3,000/-ഉം രൂപയാണ് കെട്ടി വെക്കേണ്ട തുക. പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട സ്ഥാനാർത്ഥികൾക്ക് കെട്ടിവെയ്ക്കേണ്ട തുക അങ്ങ നെയുള്ള നിയോജകമണ്ഡലത്തിലേയ്ക്ക്/വാർഡിലേയ്ക്ക് നിശ്ചയിച്ചിട്ടുള്ള തുകയുടെ അൻപത് ശതമാനം ആയിരിക്കും. ഗ്രാമപഞ്ചായത്തിൽ 10,000/-ഉം, ബ്ലോക്ക് പഞ്ചായത്തിൽ 30,000/-ഉം, ജില്ലാ പഞ്ചായത്തിൽ 60,000/-ഉം, മുനിസിപ്പാലിറ്റിയിൽ 30,000/-ഉം, മുനിസിപ്പൽ കോർപ്പറേഷനിൽ 60,000/-ഉം രൂപയാണ് ചെലവഴി ക്കാവുന്നത തുക.

സമാധാനപരവും നിഷ്പക്ഷവുമായ പോളിംഗ് ഉറപ്പ് വരുത്താൻ എല്ലാ രാഷ്ട്രീയ കക്ഷികളുടേയും സഹകരണം തിരഞ്ഞെടുപ്പ് കമ്മീഷണർ അഭ്യർത്ഥിച്ചു.

*(എസ്.ഇ.സി. 67/2015)*